**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5175** **02-11-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയെ അന്തർദേശിയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും നടന്നു വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | കിഫ്ബി ഫണ്ട്, പദ്ധതി വിഹിതം എന്നിവ ഉപയോഗിച്ച് ജില്ലയിലെ ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും എത്ര തുക വീതമാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിലെ കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്ഥാപന ങ്ങളിൽ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടത്തി വരുന്ന പ്രവർത്തനങ്ങളുടെ തുക സംബന്ധിച്ച വിശദാംശം അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് കിഫ്ബി ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടില്ല. പദ്ധതി വിഹിതം ഉപയോഗിച്ച് സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ കൂടി അനുബന്ധം - 2 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഓരോ നിർമ്മാണ പ്രവർത്തനങ്ങളും നിലവിൽ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ ? | (സി) | ഓരോ നിർമ്മാണ പ്രവർത്തനങ്ങളു ടെയും നിലവിലെ അവസ്ഥയും അവയുടെ പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധം - 3 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – II**

**മലപ്പുറം ജില്ലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തികളുടെ തുക സംബന്ധിച്ച വിശദാംശങ്ങൾ**

## 1. കോളേജ് വിദ്യാഭ്യാസവകുപ്പ്

| നമ്പർ | കോളേജുകളുടെ പേര് | കിഫ്ബി അംഗീകരിച്ച തുക (കോടിയിൽ) |
|---|---|---|
| 1 | ഗവൺമെൻറ് കോളേജ്, കൊണ്ടോട്ടി | 6.13 |
| 2 | പി ടി എം ഗവൺമെൻറ് കോളേജ്, പെരിന്തൽമണ്ണ | 7.45 |
| 3 | ഗവ. കോളേജ് മലപ്പുറം | 5.04 |
| 4 | ഗവഃ ആർട്സ് & സയൻസ് കോളേജ് താനൂർ | 19.63 |
| 5 | ഗവഃ ആർട്സ് & സയൻസ് കോളേജ് ഫോർ വിമെൻസ്, ഡൗൺ ഹിൽ, മലപ്പുറം | 13.85 |
| 6 | ഗവഃ ആർട്സ് & സയൻസ് കോളേജ്, മങ്കട | 6.65 |
| 7 | ടി എം ഗവഃ കോളേജ്, തിരൂർ | 7.73 |
| 8 | ഗവ. കോളേജ് തവനൂർ | 10.24 |

## 2. സാങ്കേതിക വിദ്യാഭ്യാസവകുപ്പ് (പദ്ധതി വിഹിതം)

| നമ്പർ | കോളേജുകളുടെ പേര് | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഗവൺമെൻറ് പോളിടെക്നിക്ക് കോളേജ്, തിരൂരങ്ങാടി | 1. അഡ്മിനിസ്ട്രേഷൻ കം ഓഫീസ് ബ്ലോക്ക്<br>2. ഓഡിറ്റോറിയം (നബാർഡ് വർക്ക്) | 1457 |
| 2 | ഗവൺമെൻറ് പോളിടെക്നിക്ക് കോളേജ്, മഞ്ചേരി | 1. ന്യൂ മെയിൻ ബിൽഡിംഗ്<br>2. വർക്ക് ഷോപ്പ് ബിൽഡിംഗ് Phase – II<br>3. ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് വർക്ക് ഷോപ്പ് A & B | 1713 |
| 3 | ഗവൺമെൻറ് പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ | 1. സിൽവർ ജൂബിലി അക്കാഡമിക് ബ്ലോക്ക്<br>2. കൺസ്ട്രക്ഷൻ ലാബ് ബിൽഡിംഗ്<br>3. അഡ്മിനിസ്ട്രേറ്റീവ് കം ഓഫീസ് ബ്ലോക്ക് | 603.985 |
| 4 | ടെക്നിക്കൽ ഹൈസ്കൂൾ, മഞ്ചേരി | അക്കാഡമിക് ബ്ലോക്ക് | 163.07 |
| 5 | ടെക്നിക്കൽ ഹൈസ്കൂൾ, കൊഴുർ | ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് (നബാർഡ് വർക്ക്) | 570.74 |

**സെക്ഷൻ ഓഫീസർ**

# മലപ്പുറം ജില്ലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തികളുടെ നിലവിലെ അവസ്ഥയും, പൂർത്തീകരണവും സംബന്ധിച്ച വിശദാംശങ്ങൾ

## 1. കോളേജ് വിദ്യാഭ്യാസവകുപ്പ്

| നമ്പർ | കോളേജുകളുടെ പേര് | പ്രവർത്തിയുടെ നിലവിലെ അവസ്ഥ | പ്രവർത്തിയുടെ പൂർത്തീകരണം പ്രതീക്ഷിക്കുന്നത് |
|---|---|---|---|
| 1 | ഗവൺമെൻറ് കോളേജ്, കൊണ്ടോട്ടി | - | പൂർത്തീകരിച്ചു |
| 2 | പി ടി എം ഗവൺമെൻറ് കോളേജ്, പെരിന്തൽമണ്ണ | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു | ജൂൺ 2022 |
| 3 | ഗവ. കോളേജ് മലപ്പുറം | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു | ജൂൺ 2022 |
| 4 | ഗവഃ ആർട്സ് & സയൻസ് കോളേജ് താനൂർ | കിഫ്ബി നിർദ്ദേശമനുസരിച്ച് GRIHA സ്റ്റാന്റേർഡിൽ ഡിസൈൻ നവീകരിക്കുന്നു. സ്ഥലം ഏറ്റെടുപ്പിന് നടപടികൾ ആരംഭിച്ചു | ഡിസംബർ 2022 |
| 5 | ഗവഃ ആർട്സ് & സയൻസ് കോളേജ് ഫോർ വിമെൻസ്, ഡൗൺ ഹിൽ, മലപ്പുറം | കിഫ്ബി നിർദ്ദേശമനുസരിച്ച് GRIHA സ്റ്റാന്റേർഡിൽ ഡിസൈൻ നവീകരിക്കുന്നു. | ഡിസംബർ 2022 |
| 6 | ഗവഃ ആർട്സ് & സയൻസ് കോളേജ്, മങ്കട | പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റുകൾക്ക് പുതുക്കിയ KMBR/KPBR 2019 പ്രകാരവും, വിശദമായ മണ്ണ് പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിലും GRIHA-3 Star റേറ്റിംഗിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നതിലേക്കും, DSR 2018-ന്റെ അടിസ്ഥാനത്തിലും പുതുക്കേണ്ടതുണ്ട്. ഇതിന്റെ നടപടികൾ പുരോഗമിക്കുന്നു. | നിർമ്മാണം ആരംഭിച്ച് 10 മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കുന്നതാണ് |

| | | | |
|---|---|---|---|
| 7 | ടി എം ഗവഃ കോളേജ്, തിരൂർ | പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റുകൾക്ക് പുതുക്കിയ KMBR/KPBR 2019 പ്രകാരവും, വിശദമായ മണ്ണ് പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിലും GRIHA – 3 Star റേറ്റിംഗിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നതിലേക്കും, DSR 2018-ന്റെ അടിസ്ഥാനത്തിലും പുതുക്കേണ്ടതുണ്ട്. ഇതിന്റെ നടപടികൾ പുരോഗമിക്കുന്നു. | നിർമ്മാണം ആരംഭിച്ച് 10 മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |
| 8 | ഗവ. കോളേജ്, തവനൂർ | നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു (92% പൂർത്തിയായി) | ഡിസംബർ 2021 |

## 2. സാങ്കേതിക വിദ്യാഭ്യാസവകുപ്പ്

| നമ്പർ | കോളേജുകളുടെ പേര് | പദ്ധതിയുടെ പേര് | പദ്ധതിയിലെ നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഗവൺമെൻറ് പോളിടെക്നിക്ക് കോളേജ്, പെരിന്തൽമണ്ണ | സിൽവർ ജൂബിലി അക്കാദമിക് ബ്ലോക്ക് | പ്രവർത്തി പൂർത്തിയായിട്ടുണ്ട്. |
| | | കൺസ്ട്രക്ഷൻ ഓഫ് ലാബ് ബിൽഡിംഗ് | സോയിൽ സർവ്വേ പൂർത്തിയായിട്ടുണ്ട്. |
| 2 | ഗവൺമെൻറ് പോളിടെക്നിക്ക് കോളേജ്, തിരൂരങ്ങാടി | 1. അഡ്മിനിസ്ട്രേഷൻ കം ഓഫീസ് ബ്ലോക്ക് | പ്രവർത്തി പൂർത്തിയായിട്ടുണ്ട്. |
| | | 2. ഓഡിറ്റോറിയം | 50 % പ്രവർത്തി പൂർത്തിയായിട്ടുണ്ട്. |
| 3 | ഗവൺമെൻറ് പോളിടെക്നിക്ക് കോളേജ്, മഞ്ചേരി | 1. ന്യൂ മെയിൻ ബിൽഡിംഗ് | ബെയ്സ് മെന്റും താഴത്തെ നിലയും പൂർത്തിയായിട്ടുണ്ട്. |
| | | 2. വർക്ക് ഷോപ്പ് ബിൽഡിംഗ് Phase –II | ടെന്ററിംഗും, മെഷർമെന്റും പൂർത്തിയായിട്ടുണ്ട്. |
| | | 3. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് വർക്ക് ഷോപ്പ് A & B | 50% പ്രവർത്തി പൂർത്തിയായിട്ടുണ്ട്. |
| 4 | ടെക്നിക്കൽ ഹൈസ്കൂൾ, മഞ്ചേരി | അക്കാദമിക് ബ്ലോക്ക് | പ്രവർത്തി പൂർത്തിയായിട്ടുണ്ട്. |
| 5 | ടെക്നിക്കൽ ഹൈസ്കൂൾ, കൊക്കൂർ | ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് | 15 % പ്രവർത്തി പൂർത്തിയായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**